(സി) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തിരുവനന്തപുരത്തെ സിവിൽ സർവ്വീസ് പരീക്ഷ പരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) പരിശീലന കേന്ദ്രത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ ഉദ്ദേശമുണ്ടോ ;

(എച്ച്) പരിശീലന കേന്ദ്രത്തിന്റെ മാനേജിംഗ് കമ്മിറ്റിയിൽ വിദഗ്ദ്ധരേയും, കേന്ദ്രത്തിന്റെ പ്രിൻസിപ്പൽ തസ്തികയിൽ സർവ്വകലാശാലാ തലത്തിൽ നിന്നുള്ള വരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി(ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ആന്റ് (സി) സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) സർവ്വകലാശാല ബിരുദമാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. 21-നും 35-നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് പ്രവേശന പരീക്ഷ നടത്തി അതിൽ 50 ശതമാനം മാർക്ക് ലഭിക്കുന്നവരെ ഇന്റർവ്യൂ കമ്മിറ്റി ഇന്റർവ്യൂ നടത്തി അവർ ശുപാർശ ചെയ്യുന്നവർക്ക് പ്രവേശനം നൽകുന്നതാണ് നിലവിലുള്ള നടപടിക്രമം.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ജി) ഇല്ല.

(എച്ച്) നിർദ്ദേശം പരിശോധിക്കുന്നതാണ്.

ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തുന്നതിന് പദ്ധതി

15 (*45) ശ്രീ. പി. എസ്. സുപാൽ :
ശ്രീ . സി. എൻ. ജയദേവൻ :
ശ്രീ. യു. എസ്. ശശി :
പ്രൊഫ.മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനങ്ങളിൽ ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ജലസംരക്ഷണ വിനിയോഗ സംസ്കാരം ശാസ്ത്രീയമായ രീതിയിൽ എല്ലാവരെയും പഠിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ഗ്രാമീണ ജലവിതരണവും ശുചീകരണവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്നും പഞ്ചായത്ത് തെരഞ്ഞെടുത്ത് അയ്ക്കുന്ന ഏതാനും ആളുകൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ മാനവവിഭവശേഷി വികസന യൂണിറ്റിന്റെ (എച്ച്.ആർ.ഡി.സെൽ) നേതൃത്വത്തിൽ ഒരു അടിസ്ഥാന പരിശീലന പദ്ധതി നടപ്പാക്കി വരുന്നു. ഇതുവരെ മൊത്തം 710 പെർക്ക് പരിശീലനം കൊടുത്തിട്ടുണ്ട്.

(സി) വിദ്യാർത്ഥികൾക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പഠന ക്ളാസ്സുകൾ സംഘടിപ്പിച്ച് ജലസംരക്ഷണം, ശുചീകരണം, ആരോഗ്യ വിദ്യാഭ്യാസം എന്നിവയിൽ അവബോധം ഉണ്ടാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റി ഉദ്ദേശിച്ചിട്ടുണ്ട്. ജില്ലതലത്തിൽ ജനപ്രതിനിധികൾക്കും, ഗുണഭോക്താകൾക്കും സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്കും അനുദ്യോഗസ്ഥർക്കും സാമൂഹ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന വ്യക്തികൾക്കും അവബോധം നല്കുവാനായി ജല സംരക്ഷണം എന്ന വിഷയത്തെക്കുറിച്ച് ജില്ലാതലങ്ങളിൽ ശില്പശാലകൾ നടത്തുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

ജലവാഹിനി പദ്ധതി

16 (*46) ഡോ. കെ. സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ (ഇ.ഇ.സി) സഹായത്തോടെയുള്ള "ജലവാഹിനി പദ്ധതി" എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത് ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly